കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 21, ബുധൻ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 1999 ജൂലൈ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

LIBRARY ARCHIVES Kerala Legislative Assembly

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 527

1 (*527) ഹിന്ദുമതവും സംസ്കാരവും പരിപോഷിപ്പിക്കുവാൻ പരിപാടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുമതവും സംസ്കാരവും പരിപോഷിപ്പിക്കുവാൻ തിരുവിതാംകൂർ, കൊച്ചി ദേവസ്വംബോർഡുകൾ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) വേദങ്ങൾ, ഉപനിഷത്തുകൾ, ശാസ്ത്രങ്ങൾ എന്നിവയുടെ പഠനത്തിന് ഊന്നൽ നൽകുവാൻ പ്രസ്തുത ബോർഡുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഡി) സംസ്കൃതപഠനം പ്രോത്സാഹിപ്പിക്കുവാൻ പ്രസ്തുത ബോർഡുകൾ എന്തെല്ലാം ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ,

(എ) ഉണ്ട്.

(ബി)&(സി) ഹിന്ദുമതവും സംസ്കാരവും പരിപോഷിപ്പിക്കുവാൻ ഉതകുന്ന അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ ശേഖരിച്ച് ഒരു ഗ്രന്ഥശാല (ശ്രീചിത്രാ ഹിന്ദുമത ഗ്രന്ഥശാല) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികളിൽ ഇതു സംബന്ധിച്ച് അറിവുണ്ടാക്കുന്നതിന് ചില ദേവസ്വങ്ങളോട് അനുബന്ധിച്ച് മതപാഠശാലകളിൽ പഠനക്ലാസുകൾ നടത്തിവരുന്നുണ്ട്. ദേവസ്വംബോർഡിന്റെ ആഭിമുഖ്യത്തിൽ 'സന്നിധാനം' എന്ന സാംസ്കാരിക മാസിക പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. വേദങ്ങൾ, ഉപനിഷത്തുകൾ, ശാസ്ത്രങ്ങൾ എന്നിവയെ സംബന്ധിച്ച് പ്രാവീണ്യമുള്ള പണ്ഡിതന്മാരെക്കൊണ്ട് പ്രധാനപ്പെട്ട ദേവസ്വങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും പ്രഭാഷണങ്ങൾ നടത്തിക്കാറുണ്ട്. വർഷംതോറും രാമായണമാസം ആചരിച്ചുവരുന്നു. ഹിന്ദുമതത്തെ സംബന്ധിച്ച പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഒരു പ്രസിദ്ധീകരണശാല പ്രവർത്തിക്കുന്നുണ്ട്. മതപാഠശാലകൾക്ക് വാർഷിക ഗ്രാന്റ് നൽകിവരുന്നു. സാംസ്കാരിക കാര്യങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു ഡയറക്ടറുടെ കീഴിൽ ഒരു സാംസ്കാരികവകുപ്പും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ക്ഷേത്രകലകൾ നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വൈക്കത്തും, തിരുവനന്തപുരത്ത് പിരപ്പൻകോട്ടും ഓരോ ക്ഷേത്രകലാപീഠങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ പ്രസിദ്ധീകരണമായ 'സന്നിധാനം' മാസികയിൽ സംസ്കൃതപഠനത്തിന് ഉപകരിക്കുന്ന സംസ്കൃത പാഠങ്ങൾ ഉൾക്കൊള്ളിച്ചുവരുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഭാരതീയ തത്വചിന്തയോടും ക്ഷേത്രകലകളോടും പുരാണേതിഹാസങ്ങളോടുമൊക്കെ വിദേശികൾക്കു പോലും താൽപ്പര്യം വർദ്ധിച്ചുവരികയാണ്. പക്ഷെ നമ്മുടെ നാട്ടിൽ വളരുന്ന തലമുറയ്ക്ക് അത് പകർന്നുകൊടുക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഇല്ല. അതുകൊണ്ട് ഒറ്റപ്പെട്ട ഈ ശ്രമങ്ങൾക്കുപകരം വിദ്യാർത്ഥികൾക്ക് അത്തരം പഠനക്ലാസുകൾ നടത്തി, അവർക്ക് സ്കോളർഷിപ്പുകൾ നൽകി കൂടുതൽ ഫലവത്താക്കാൻ വിവിധ ബോർഡുകൾക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, വിവിധ ദേവസ്വം ബോർഡുകളുമായി ഈ കാര്യം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ശാസ്ത്രവിധിപ്രകാരം ഉള്ള തന്ത്രവിദ്യകളിലും പൂജാദികർമ്മങ്ങളിലുമൊക്കെ പരിശീലനം സിദ്ധിച്ചവരുടെ അഭാവം പരിഗണിച്ച് ആ വക വിഷയങ്ങളിൽ ശരിയായ പരിശീലനം നൽകാനുള്ള സംവിധാനം ദേവസ്വംബോർഡുകളുടെ ആഭിമുഖ്യത്തിൽ നടത്താൻവേണ്ട സംവിധാനം ഉണ്ടാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഏതൊക്കെ കാര്യങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്, ഏതൊക്കെയാണ് യഥാർത്ഥ ഹിന്ദുമതത്തേയും യഥാർത്ഥ സാംസ്കാരത്തേയുമായി ബന്ധിപ്പിക്കുന്ന കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നതിനെ സംബന്ധിച്ച് വളരെ വിപുലവും വ്യാപകവുമായ ഒരു ചർച്ച ആവശ്യമാണ്.

ശ്രീ. വി. ബാലറാം : സർ, സംസ്കൃതം ഒരു ഭാരതീയ ഭാഷയായിട്ട് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്കൃതം പഠിക്കുന്നതിന് താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ എല്ലാ സ്കൂളുകളിലും ഇല്ല. വളരെ അപൂർവം സ്കൂളുകളിൽ മാത്രമേയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ എങ്കിലും അത് നടപ്പിലാക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അത് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ബാലറാം : സർ, ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ ഓരോ വർഷവും 3 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരിക സമ്മേളനം നടത്തിവന്നിരുന്നു. കഴിഞ്ഞ 10 വർഷക്കാലമായിട്ട് അത് നിർത്തിവച്ചിരിക്കുകയാണ്. അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ദേവസ്വംബോർഡിനോട് സർക്കാർ ആവശ്യപ്പെടുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അത് അന്വേഷിക്കാവുന്നതാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, മതപാഠശാലകളിൽ പഠനക്ലാസുകൾ നടത്തുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വേദങ്ങൾ, ഉപനിഷത്തുകൾ, ശാസ്ത്രങ്ങൾ എന്നിവയെ സംബന്ധിച്ച് പ്രാവീണ്യമുള്ള പണ്ഡിതന്മാരുടെ പാണ്ഡിത്യം പ്രയോജനപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കൊച്ചിൻ ദേവസ്വംബോർഡിന്റെ കീഴിൽ ചിറ്റൂർ ശോകനാശിനിയുടെ തീരത്ത് ഒരു വേദപാഠശാല നടത്തിവന്നിരുന്നു. ഇന്ന് അത് വെറുമൊരു സംസ്കൃത സ്കൂളായി മാത്രം മാറിയിരിക്കുകയാണ്. ഇവിടെ പഴയ കാലത്ത് നടത്തിയിരുന്ന മതപാഠശാലയും ഈ ശാസ്ത്രങ്ങളെ സംബന്ധിച്ച പഠനവും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അത് സംബന്ധിച്ച് അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ ഇപ്പോൾ എന്റെ പക്കൽ ഇല്ല.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, വൈക്കത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ശാസ്ത്രകലകൾ അഭ്യസിപ്പിക്കുന്നു. ഇതിന് ഉപരിപഠനം ഇല്ല. മാത്രമല്ല, ദേവസ്വംബോർഡ് നൽകുന്ന ഒരു സർട്ടിഫിക്കറ്റല്ലാതെ മറ്റൊന്നും ഈ പഠനത്തിന് ആധാരമായിട്ടില്ല. അതുകൊണ്ട് കലാമണ്ഡലം പോലുള്ള സ്ഥാപനത്തിന്റെ മാതൃകയിൽ ഈ ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, വൈക്കത്തുള്ള ക്ഷേത്രകലാപീഠം 1988-ൽ തുടങ്ങിയതാണ്. ഇപ്പോൾ അവിടെ പഞ്ചവാദ്യം, കളമെഴുത്ത്, തകിൽ, നാദസ്വരം ഇവയ്ക്കുള്ള പഠനങ്ങളാണ് നടത്തുന്നത്. അതിനെ സംബന്ധിച്ച് കൂടുതൽ ഉപരിപഠനം ആവശ്യമാണോ എന്നുള്ളത് ദേവസ്വംബോർഡുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. ബി. വിജയകുമാർ : സർ, വേദങ്ങളും ഗ്രന്ഥങ്ങളും സൂക്ഷിച്ചുവയ്ക്കുന്നതിന് ശ്രീചിത്രാ ഹിന്ദുമത ഗ്രന്ഥശാല തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നുവെന്നു പറഞ്ഞു. ആ ഹിന്ദുമത ഗ്രന്ഥശാലയും അതിനോടനുബന്ധിച്ചുള്ള ഹാളും വേദങ്ങളും ഗ്രന്ഥങ്ങളും പരി

LIBRARY ARCHIVES Kerala Legislative Assembly

ശോധിക്കാൻ ആളുകൾക്ക് കഴിയാത്ത രീതിയിൽ വർഷങ്ങളോളമായി തുണിക്കച്ചവടത്തിനുവേണ്ടി കൊടുക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഗ്രന്ഥശാലയും അവിടത്തെ റീഡിംഗ് റൂമും അല്ല, ഹാളാണ് കൊടുക്കുന്നത്. ഹാൾ കൊടുക്കുന്നതിനെ സംബന്ധിച്ചും രണ്ടഭിപ്രായമുണ്ട്. അത് ദേവസ്വംബോർഡുമായി സംസാരിക്കുന്നതാണ്.

ശ്രീ. ബി. വിജയകുമാർ : സർ, ഇപ്പോൾ ദേവസ്വംബോർഡുകൾ ഒന്നുമില്ല. അങ്ങ് പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാരുടെ ഭരണമാണ്. എന്നാലും പോകട്ടെ. ഒരു ഡയറക്ടറുടെ കീഴിൽ സാംസ്കാരിക വകുപ്പ് പ്രവർത്തിക്കുന്നുവെന്നു പറഞ്ഞു. വേദങ്ങളും ഉപനിഷത്തുക്കളുമെല്ലാം സംസ്കൃതത്തിലാണ്. അതുകൊണ്ട് ഇതിനാവശ്യമായ പഠനകേന്ദ്രങ്ങളും മറ്റും സ്ഥാപിക്കുന്നതിന് ആദിശങ്കരന്റെ ജന്മനാടായ കേരളത്തിലെ ശൃംഗേരി ശങ്കരമഠാധിപതി തന്നെ ഗവൺമെന്റിന് സംഭാവന നൽകി തുടക്കം കുറിച്ചിട്ടുള്ള പുനരാവിഷ്കരിച്ച് അത് സംസ്കൃത യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുത്തി ഈ സാംസ്കാരിക പ്രവർത്തനങ്ങൾ അവിടെവച്ച് നടത്തണം.

മി. സ്പീക്കർ : ആ പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യുന്നു. അത്തരം ചോദ്യങ്ങൾ പാടില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സംസ്കൃതം നമ്മുടെ മൂലഭാഷയാണ്. സംസ്കാരത്തിന്റെ പ്രതീകമാണ്. അവിടെ ആരുടേയും പ്രവേശനം നിഷേധിക്കപ്പെട്ടിട്ടില്ല. അത്തരം വിപുലവും വ്യാപകവുമായ ഒരു ഭാഷയാണ്. എല്ലാം ഉൾക്കൊള്ളുന്നതാണ് നമ്മുടെ സംസ്കാരം. എല്ലാ ചിന്തയും എല്ലാ ആശയങ്ങളും എല്ലാ ദർശനവും ഉൾക്കൊള്ളുന്നതാണ്.

ശ്രീ. പി. വിശ്വൻ : സർ, ഹിന്ദുമതം നേരിടുന്ന വളരെ ഗുരുതരമായ വിഷയങ്ങളിലൊന്ന് ജാതിവ്യവസ്ഥയാണ്. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയം പോലും ആ രൂപത്തിലേക്ക് മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. വോട്ടുബാങ്കുകളെ കേന്ദ്രീകരിച്ച് വിവിധ ജാതികളെ സംഘടിപ്പിക്കുന്നതിനെതിരെ സാമൂഹ്യ പരിഷ്കർത്താക്കളുടെ സന്ദേശങ്ങൾ ശാസ്ത്രീയമായി പ്രചരിപ്പിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇടക്കാലത്ത് വന്നുപോയ ഒരു അപചയമാണ് ഈ ജാതിവ്യവസ്ഥ. അടിസ്ഥാനപരമായി ഹിന്ദുസംസ്കാരത്തിലോ ഹിന്ദുമതത്തിലോ ജാതിവ്യവസ്ഥയില്ല. സമന്വയം, സത്യം, സ്നേഹം, അഹിംസ ഇവയൊക്കെ നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. പിന്നീട് വന്നിട്ടുള്ള അപചയമാണ് ഇവിടെ സൂചിപ്പിച്ചത്.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഹിന്ദുമതത്തിന്റെ നവീകരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഇന്ന് ഒരുപാട് ക്ഷേത്രങ്ങൾ അന്യാധീനപ്പെട്ടു കിടക്കുകയാണ്. പല ക്ഷേത്രങ്ങളുടേയും കൈയിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിക്കൊണ്ടിരിക്കുകയാണ്. നിത്യശാന്തിക്കുപോലും നിലയില്ലാത്ത ക്ഷേത്രങ്ങൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഒരുഭാഗത്ത് വമ്പിച്ച വരുമാനമുള്ള ക്ഷേത്രങ്ങൾ, മുട്ടുശാന്തിക്കുപോലും വരുമാനമില്ലാത്ത ക്ഷേത്രങ്ങൾ

... ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു ഭാഗത്ത്. മലബാറിലാണ് ഇത് ഏറ്റവും കൂടുതലുള്ളത്. അത്തരം ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പരിപാടികൾ ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സപ്ലിമെന്ററി ഡിമാന്റ്സിൽ തന്നെ ഒരു കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി മാറ്റിവച്ചത് അത്തരം ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ്. പിന്നെ പേരിൽ നിന്നും ജാതിപ്പേരു മാറ്റിയ ആളുകളാണ് കൂടുതൽ സാമുദായികവാദികളായി വന്നത്. എന്റെ പേരിൽ ആദ്യം മുതലേയുണ്ട്. എല്ലാവരും അത് ഉപയോഗിക്കാറില്ല.

മി. സ്പീക്കർ : യേസ്, ചോദ്യം 528.

2 (*528) സർക്കാരിന്റെ കടബാധ്യതയ്ക്ക് പരിധി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ കടബാധ്യത 1999 മാർച്ച് വരെ എത്രയാണ്;

(ബി) ഈ തുകയിൽ ഉൾപ്പെടുന്ന ഇനങ്ങൾ ഏതെല്ലാമാണ്;

(സി) ഓരോ ഇനത്തിലും എന്തു തുക വീതം ഉണ്ട്;

(ഡി) കടം വാങ്ങുന്നതിന് ഏതെങ്കിലും പരിധി നിർണ്ണയിച്ചിട്ടുണ്ടോ;

(ഇ) കടബാദ്ധ്യതക്ക് പരിധി നിർണ്ണയിക്കുന്ന നിയമം വേണമെന്ന ഭരണഘടനാ നിബന്ധന പാലിക്കുമോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭിച്ച കണക്കുകൾപ്രകാരം 1998 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 14,471.71 കോടി രൂപ.

(ബി) ഈ കണക്കുകളിലെ തരംതിരിവ് പ്രകാരം ഈ തുകയിൽ ഉൾപ്പെടുന്ന ഇനങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തരകടം

(1) സംസ്ഥാന വികസന വായ്പ, എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവ ഇതിൽപ്പെടുന്നു.

(2) കേന്ദ്രത്തിൽനിന്നുള്ള വായ്പകളും മുൻകൂറുകളും.

(3) പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യപദ്ധതി, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, മുതലായവ ഉൾപ്പെടുന്ന 'ഐ' വിഭാഗം

(4) റിസർവ് ഫണ്ടുകൾ ഉൾപ്പെടുന്ന 'ജെ' വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly